# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.432** — **29.06.2012-ൽ മറുപടിക്ക്**

## കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.പാലോട് രവി<br>ശ്രീ. സി.പി. മുഹമ്മദ് | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ എന്തെല്ലാം; | എ) കാർഷികരംഗത്തെ നൂതന സാങ്കേതിക വിദ്യകൾ താമസംവിനാ കർഷകരിലേയ്ക്ക് എത്തിയ്ക്കുക, പ്രധാന വിളകളിലും മറ്റു സംരംഭങ്ങളിലും കർഷകർ അനുഭവിക്കുന്ന വിവിധ സാങ്കേതിക പ്രശ്നങ്ങളെ ഏറ്റവും അനുയോജ്യമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് പരിഹാരം കണ്ടെത്തുന്നതിന് സഹായിക്കുക, വിവിധ ഗവേഷണ കേന്ദ്രങ്ങളിൽ രൂപപ്പെടുന്ന സാങ്കേതിക വിദ്യകൾ കൃഷിയിട പരീക്ഷണങ്ങളിലൂടെ തദ്ദേശീയ സ്വീകാര്യത വിലയിരുത്തുകയും ആവശ്യമെങ്കിൽ കൂടുതൽ മെച്ചപ്പെടുത്തി തദ്ദേശീയ കൃഷിയ്ക്ക് ഉപയുക്തമാക്കുകയും ചെയ്യുക, നല്ലയിനം വിത്തുകളും മറ്റു നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുക മുതലായവയാണ് കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ. |

| | |
|---|---|
| ബി) കർഷകർക്ക വേണ്ടി എന്തെല്ലാം പദ്ധതികളാണ് ഈ കേന്ദ്രങ്ങൾ നടത്തി വരുന്നത്; | ബി) കർഷകർക്കുവേണ്ടി താഴെ പറയുന്ന പ്രവർത്തനങ്ങൾ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ നടത്തി വരുന്നുണ്ട്.<br>1. ഓരോ പ്രദേശത്തിനും അനുയോജ്യമായ സാങ്കേതിക വിദ്യകൾ രൂപപ്പെടുത്തുന്നതിനായി കൃഷിയിടങ്ങളിൽ പരീക്ഷണങ്ങൾ നടത്തുക.<br>2. ആധുനിക സാങ്കേതികവിദ്യകളിൽ ഊന്നിയുള്ള മുൻനിരപ്രദർശനങ്ങൾ കൃഷിയിടങ്ങളിൽ കർഷക പങ്കാളിത്തത്തോടെ സംഘടിപ്പിക്കുക.<br>3. യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ഹ്രസ്വ ദീർഘകാല തൊഴിലധിഷ്ഠിത പരിശീലനപരിപാടികൾ നടത്തുക.<br>4. കർഷകർക്കും ഗ്രാമീണ യുവജനങ്ങൾക്കുമായി കൃഷി അനുബന്ധ വിഷയങ്ങളിൽ പരിശീലന പരിപാടികൾ നടപ്പാക്കുക.<br>5. വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾക്കായി നൂതന സാങ്കേതിക വിദ്യകളെക്കുറിച്ച് പരിശീലന പ രിപാടികൾ സംഘടിപ്പിക്കുക. |
| സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് | സി) 100% ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ സാമ്പത്തിക |

പരിപാടികൾ സംഘടിപ്പിക്കുന്നത്;

സഹായത്തോടെയാണ് കൃഷി വിജ്ഞാനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. കൃഷി വിജ്ഞാനകേന്ദ്രങ്ങളിലെ വിവിധ പദ്ധതികൾക്ക് ഐ.സി.എ.ആർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, നബാർഡ്, കൃഷിവകുപ്പ്, ആത്മ, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ എന്നീ ഏജൻസികളും സാമ്പത്തിക സഹായം നൽകുന്നു.

ഡി) കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനാഗ്രഹിക്കുന്നത്?

ഡി) കൃഷി വിജ്ഞാന കേന്ദ്രങ്ങളും, കൃഷി വകുപ്പും ഇതര വകുപ്പുകളും ചേർന്നുള്ള കൂട്ടായ പ്രവർത്തനങ്ങളിലൂടെ കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനാവും. അതതു ജില്ലകളിലെ ജന പ്രതിനിധികളെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തികൊണ്ട് കൃഷിവിജ്ഞാന കേന്ദ്രങ്ങളുടെ പ്രവർത്തനത്തെക്കുറിച്ചും അവയിലൂടെ കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ചും വിപുലമായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**